# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ - 680656

അക്കാഡ് സി1/2020/101/5294 തീയ്യതി : 29-12-2020

കാർഷിക സർവകലാശാല നടത്തി വരുന്ന B.Sc. (Hons.) Co-operation & Banking കോഴ്സിലേക്കും പഞ്ചവത്സര സംയോജിത കോഴ്സുകൾക്ക് പകരമായി തുടങ്ങുന്ന B.Tech (Biotechnology), B.Sc. (Hons.) Climate Change Adaptation എന്നീ കോഴ്സുകളിലേക്കുമുള്ള ഈ അദ്ധ്യയന വർഷത്തേക്കുള്ള (2020-21) പ്രവേശനം കാർഷിക സർവകലാശാല നടത്തുന്ന ഒരു പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും. പ്രസ്തുത കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുണ്ട് (www.admissions.kau.in). പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർവകലാശാല വെബ്സൈറ്റിൽ ഓൺ ലൈനായി അപേക്ഷ സമർപ്പിച്ച് അപേക്ഷയുടെ പ്രിന്റ് ഔട്ട് നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം സർവകലാശാലയിലേക്ക് തപാലിൽ അയക്കേണ്ടതാണ്. എന്നാൽ 2021-22 അദ്ധ്യയനവർഷം മുതൽ മേൽ പറഞ്ഞ മൂന്ന് കോഴ്സുകളിലേക്കുള്ള പ്രവേശനം സംസ്ഥാന പ്രവേശന പരീക്ഷ കൺട്രോളർ നടത്തുന്ന നീറ്റ് റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും. ഈ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അടുത്ത അദ്ധ്യയന വർഷം (2021-22) മുതൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തുന്ന നീറ്റ് പരീക്ഷക്കും കേരള സംസ്ഥാന പ്രവേശന പരീക്ഷ കമ്മീഷണറുടെ (CEE,Kerala) വെബ്സൈറ്റിലൂടെയും യഥാസമയം അപേക്ഷിക്കേണ്ടതാണ്. അടുത്തവർഷം മുതൽ ഈ കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ വഴി നേരിട്ട് അലോട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ച് വരുന്നു.

(ഒപ്പ്)

ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ